## ഓണം പടിയിറങ്ങുമ്പോൾ



August 2018


# ജീവരാഗം

JEEVARAGAM MONTHLY



കഥ ▶▶|

ശിവദാസൻ. എ.കെ.



# ഒറ്റയാൻ

'ഈ അറുപതാം പിറന്നാള് കഴിഞ്ഞാ ചെല മാറ്റങ്ങളൊക്കെ ഞാൻ ആലോചിക്കണ്ണ്ട്.'

നടുത്തളത്തിൽ ഇട്ടിരിക്കുന്ന ടീപ്പോയിയിൽ തല തുറന്നിരുന്ന ലൂയി വെറാന്റ എന്ന മുന്തിയ ഇനം ബ്രാണ്ടിക്കുപ്പിയെ സാക്ഷി നിർത്തി വർക്കിച്ചൻ പറഞ്ഞു.

വീട്ടുപറമ്പിലേക്ക് ഒരു കാറ്റ് ചുമ്മാ കയറി വന്നതിന്റെ അനക്കം ഞാൻ പുറത്തെ മരച്ചില്ലകളിൽ കണ്ടു.

കുപ്പിക്ക് അകമ്പടിയായി വാ പിളർന്നിരുന്ന ചില്ലുഗ്ലാസ്സിന്റെ ആർത്തിയിലേക്ക് കുറച്ചുകൂടി മദ്യമൊഴിച്ച് അയാൾ വീണ്ടും എന്നോടു ചോദിച്ചു.

'അപ്പോൾ നീ കുടിക്കിണില്യ'.

മൂന്നാമത്തെ തവണയും ഞാൻ നിക്ഷേധാർത്ഥത്തിൽ തലയാട്ടി.

അപ്പോൾ എന്റെ മനസ്സിലുള്ളത് അറിഞ്ഞെന്നോണം വർക്കിച്ചൻ എന്നോടു പറഞ്ഞു.

'ക്രിസ്ത്യാനോള് ഷഷ്ഠിപൂർത്തി ആഘോഷിക്കണ പതിവുണ്ടോന്നാണെങ്കീ ഇദ്ദൊരു ആഘോഷോന്നല്ല. ചെലർക്കൊക്കെ ജനിക്കുമ്പോഴെ വെളിവുണ്ട്. ചിലർക്കൊക്കെ ഇടയ്ക്കേ വരൂ. അതിനൊരു സമയോം സന്ദർഭോം വേണ്ടെ. അതിനാണ് ഈ അറുപതാം പിറന്നാള്.'

എന്റെ കണ്ണുകൾ കുറെ ദൂരെ മാറി റോഡരികിൽ കൂടിക്കിടന്ന ആഞ്ഞിലിത്തടികളിൽ ചെന്നു വീണു.

അത് വിറ്റതിന്റെ വകയിൽ വന്നണയുന്ന പണം കൊണ്ട് എന്റെ തലങ്ങും വിലങ്ങും ദ്വാരം വീണ ഖജനാവിന്റെ ഏതെല്ലാം ഓട്ടകളാണ് അടയുക എന്നതും ഞാൻ മനക്കണ്ണിൽ കണ്ടു.

വല പോലെയായ അതിൽ അധികം ദ്വാരങ്ങളൊന്നും അടയില്ല എന്ന് ദീർഘനിശ്വാസം വിട്ട എന്നെ ആയിരത്തി ഇരുനൂറിന്റെ ലൂയി വെറാന്റ ഫുൾ ബോട്ടിൽ അഹങ്കാരി എന്ന് വിളിച്ച് തുറിച്ചു നോക്കി.

കപ്യാരുതോടിന്റെ അടുത്ത് വർക്കിച്ചന്റെ വിശാലമായ പറമ്പിന്റെ ഓരത്ത് ചൂളിക്കിടന്ന എന്റെ അഞ്ചുസെന്റ് പുരയിടത്തിലെ ഏറ്റവും വില കൂടിയ ആസ്തിയായിരുന്നു ആ ആഞ്ഞിലിമരം.

കച്ചവടക്കാർ വന്ന് കഷണങ്ങളാക്കിയ അതിന് എളുപ്പത്തിൽ ലോറിയിൽക്കയറി മരക്കമ്പനിയിലേക്ക് പോകാൻ കപ്യാരുതോട് ഒരു വശത്തും, ആധാരം വഴി സിദ്ധിച്ച മൂന്നടി വഴി വേറൊരിടത്തും തടസ്സമായി നിന്നു. അതു കൊണ്ടാണ് വർക്കിച്ചന്റെ പറമ്പിലെ മുള്ളുവേലി പൊട്ടിയ വിടവിലൂടെ അതിനെ വലിച്ച് പുറത്തിട്ടത്. അതിന്റെ വിലയാണ് ഈ ഇരിക്കുന്ന ലൂയി വെറാന്റാ. അതിന് ഞാൻ നടന്ന നടപ്പ് എന്നെ അഹങ്കാരി എന്നു വിളിച്ചാക്ഷേപി ക്കുന്ന ഈ വെറാന്റാക്കറിയില്ല. എന്റെ ആയുസ്സിൽ ഞങ്ങൾ ആവശ്യപ്പെട്ട എത്രയോ കാര്യങ്ങ ളിൽ ഇയാൾ അനുവദിച്ചു തന്ന ഒരേയൊരു കാര്യമായിരുന്നു അത്.

സമ്മതിക്കില്ല എന്നാണ് കരുതിയത്. സമ്മതിച്ചപ്പോൾ അത്ഭുതം. ഇപ്പോഴാണ് അതിലേറെ അതിശയം. വർക്കിച്ചൻ മാറുകയാണ് അടിമുടി.

വർക്കിച്ചൻ വീണ്ടും പറയാൻ തുടങ്ങി.

'വെറോനിക്കയെ ചെന്ന് വിളിക്കണം. വെറോനിക്കയെ മാത്രമല്ല. മകൾ ജൂലിയേയും ഇതുവരെ കാണാത്ത മരുമകൻ ഷാരോണിനേയും ചെറുമകൾ മാരിയറ്റിനേയും വിളിക്കണം.

ഒന്ന് വന്ന് പോകാൻ പറയണം.

പിന്നെ വെറോനിക്കയോട്.....' കുറച്ചു മിക്സ്ചർ പൊട്ടിച്ചതിന്റെ എരുവ് നുണഞ്ഞ് വർക്കിച്ചനൊന്നു നിർത്തി എന്റെ നേരെ നോക്കി.

'പിന്നെ അവളോട് പറ്റൂങ്കി ഇവടെത്തന്നെ നിക്കാൻ പറയണം.

ചെലപ്പ നിന്നേക്കും തനിക്കെന്തൊ തോന്നണെ.'

എനിക്കപ്പോൾ ചുണ്ടുപൊട്ടി ചോരയൊലിക്കുന്ന ഒരു സ്ത്രീരൂപം ഓർമ്മ വന്നു.

മുറ്റത്തിനപ്പുറം വന്നു നിന്ന ഒരു ജീപ്പിനരികിലേക്ക് കയ്യിലൊരു പെട്ടിയുമായി അവരങ്ങനെ നടക്കുകയാണ്. ഉയർത്തിക്കെട്ടിയ വേലിക്കപ്പുറത്ത് ആ സ്ത്രീയെ കൊണ്ടുപോകാൻ വന്നവരും വർക്കിച്ചനുമായി നടന്ന വഴക്കും വെല്ലുവിളിയും അന്ന് വെറുമൊരു ബാലനായിരുന്ന എനിക്ക് അശേഷം മനസ്സിലായിരുന്നില്ല.

ചൂണ്ടിയ വിരലിന് അടിക്കുന്ന വർക്കിച്ചനെ എനിക്കന്ന് പേടിയായിരുന്നു.

ഒരിക്കൽ വർക്കിച്ചൻ എന്റെ അപ്പനെ തല്ലുന്നത് ഞാൻ കണ്ടിട്ടുണ്ട്. സ്വതവെ കാസരോഗിയായിരുന്ന അപ്പൻ ആദ്യത്തെ അടിക്കു തന്നെ ചുരുണ്ടുപോയി.

നിലവിളിച്ച് ബഹളം കൂട്ടിയ അമ്മയെ കണക്കിന് തെറി വിളിച്ച് അയാൾ ഒറ്റ നടപ്പായിരുന്നു.

സുന്ദരിയായിരുന്നു അമ്മ. അമ്മയോട് എന്തോ വേണ്ടാതീനം പറഞ്ഞത് ചോദിക്കാൻ ചെന്നതായിരുന്നു അപ്പൻ എന്ന് ഞാൻ എത്രയേ കാലം കഴിഞ്ഞാണറിഞ്ഞത്.

വർക്കിച്ചന്റെ സ്വരം എന്നെ ഓർമ്മകളിൽ നിന്നുണർത്തി.

വീട്ടിനു മുന്നിലെ 'പട്ടിയുണ്ട് കടിക്കും' എന്ന ബോർഡ് ഞാനങ്ങോട്ട് എടുത്തു മാറ്റും.

ഇനി വർക്കിച്ചന്റെ പട്ടികളെ എന്തു ചെയ്യും എന്ന് എനിക്ക് ചോദിക്കണമെന്നുണ്ടായിരുന്നെങ്കിലും ചോദിച്ചില്ല.



‘ആരാന്ന് വെച്ചാ കേറി വരട്ടെ. ആരെങ്കിലും പിള്ളാര് വന്ന് കണ്ണിൽകണ്ട ചക്കയോ മാങ്ങയോ, ചാമ്പക്കയോ ഒക്കെ പറിച്ചു തിന്നട്ടെ.’

മുന്നിലിരിക്കുന്നത് വർക്കിച്ചൻ തന്നെയോ അതോ മറ്റുവല്ലവരുമോ.

പിള്ളേര് മാങ്ങ പറിക്കുന്നതിനേക്കാൾ എന്റെ ഇടത്തേക്കാല് വേദനിച്ചു.

കപ്യാർതോടിന്റെ ഓരത്തെ വിശാലമായ വർക്കിച്ചന്റെ പറമ്പിൽ മാങ്ങ പറിക്കാൻ കൂട്ടുകാരോടൊപ്പം പോയതായിരുന്നു ഞാൻ. ചുവന്നു തുടുത്ത സിന്ദൂരമാങ്ങകളുടെ കവിളിൽത്തൊട്ട് തുടങ്ങിയതേയുള്ളൂ. താഴേക്ക് നോക്കിയപ്പോൾ തലങ്ങും വിലങ്ങും ഓടുകയാണ് കൂട്ടുകാർ. ഏറ്റവും പിന്നിലായി പോയതുകൊണ്ടാകാം വർക്കിച്ചൻ വലിച്ചെറിഞ്ഞ ഓല മടല് ഉന്നം തെറ്റാതെ എന്റെ ഇടം കാലിനെ ഓടിച്ചിട്ട് തൊട്ടത്. അതിന്റെ വേദന ഏതോ ഞരമ്പിലൂറിക്കൂടി ഓരോ തണുപ്പുകാലത്തും എന്നെ കൊളുത്തി വലിക്കാറുണ്ട്.

‘ഈ മതിലിൽ കുത്തിനിറുത്തിയ കുപ്പിച്ചില്ലൊക്കെ കളയുകാ. അതൊന്നും വേണ്ട.’

അപ്പോളിനി വർക്കിച്ചന്റെ പറമ്പിലേക്ക് ആർക്കും വരാം പോകാം. വർക്കിച്ചൻ ഇനി അണ്ണാനും കിളിക്കും വിഷം വെക്കില്ല. കപ്യാരുതോട് ചാടിക്കടന്ന് പറമ്പിൽ കേറി പുല്ലുമേയുന്ന നാൽക്കാലി മിണ്ടാപ്രാണികളുടെ കാല് തച്ചൊടിക്കില്ല. മാമ്പഴക്കാലത്തിന്റെ മണം ചുമന്നു നടക്കുന്ന കാറ്റ് പിള്ളേരെ വലക്കുമ്പോൾ, ഇന്നത്തെ കാലത്ത് അങ്ങനത്തെ പിള്ളേരുണ്ടോ എന്തോ, ഉണ്ടെങ്കിൽ അവർക്ക് മതിലിനുപുറത്ത് നിരാശരായി നിൽക്കേണ്ടിവരില്ല. ആരെങ്കിലും മാങ്ങക്ക് കല്ലെറിഞ്ഞാൽ അവരെ ഓലമടലെറിഞ്ഞ് ഓടിക്കില്ല. ‘നീയൊരു ന്യായവില തന്നാൽ നിന്റെ മൂന്നടി വഴി വീതി കൂട്ടാൻ ഒന്നോ, രണ്ടോ അടി വിട്ടുതരാം’ വർക്കിച്ചൻ വീണ്ടും പറഞ്ഞു.

ഒന്നുകിൽ വർക്കിച്ചന് ഭ്രാന്താണ്. അല്ലെങ്കിൽ ഈ മദ്യം അൻപേ പിശകാണ്.

പക്ഷേ എത്ര വെള്ളമടിച്ചാലും നല്ലതു പറയുന്നവനല്ല വർക്കിച്ചൻ. എനിക്കുറപ്പാണ്. ജനിച്ചനാൾ മുതൽ കാണുന്നതല്ലേ.

എനിക്ക് പെട്ടെന്ന് അപ്പനെ ഓർമ്മ വന്നു. അപ്പന് നെഞ്ചു വേദനയായിരുന്നു. തരില്ലെന്നറിഞ്ഞിട്ടും അമ്പതു രൂപക്കു വേണ്ടി അമ്മച്ചി വർക്കിച്ചനോട് കെഞ്ചി. വർക്കിച്ചന്റെ ആറേക്കറിനോട് ചേർന്നുകിടന്ന അമ്പതുസെന്റ് ഞങ്ങളുടെ സ്വന്തമായിട്ടു പോലും ഒരു കുടികിടപ്പുകാരന്റെ പരിഗണനയെ വർക്കിച്ചൻ ഞങ്ങളോട് കാണിച്ചിരുന്നുള്ളൂ.

തന്റെ ഒരു രോമത്തിന്റെ വിലയില്ലാഞ്ഞിട്ടുപോലും പണ്ടെങ്ങോ കൊടുക്കാനുണ്ടായിരുന്ന ഒരു മുപ്പത്തഞ്ചു രൂപയിൽ കയറി വർക്കിച്ചനുടക്കി.

‘മേടിച്ചാ കൊടുക്കാത്ത വക. ഇവിടെ നോട്ടടിയാണോ?’

കാശ് കടം കിട്ടാൻ പിന്നെയും വൈകി. ഉച്ചയോടെയാണ് അമ്മച്ചിക്ക് അവിടുന്നും ഇവിടുന്നുമായി കാശൊത്തത്. അപ്പന്റെ നെഞ്ചുവേദന കാലന്റെ അന്ത്യവിളിയായിരുന്നു എന്ന് ഞങ്ങൾക്ക് മനസ്സിലായില്ല. ഒടുവിൽ കാശുമായി വരുമ്പോഴേക്കും അപ്പൻ പോയിരുന്നു. മുറ്റത്ത് വട്ടുകളിയിൽ മുഴുകിയിരുന്നതു കൊണ്ടാകണം അപ്പന്റെ ആത്മാവ് വീട്ടീന്നിറങ്ങിയതും തോളത്ത് തട്ടി യാത്ര ചോദിച്ചതുമൊന്നും ഞാനും അറിയാതിരുന്നത്.

ഞാൻ ‘എനിക്കൽപം തിരക്കുണ്ട്’ എന്നു പറഞ്ഞെണീറ്റപ്പോഴാണ് വർക്കിച്ചന്റെ പഴയ വണ്ടി പകുതി വാടക നിരക്കിൽ പഞ്ചായത്തിലെ പാലിയേറ്റീവ് വിഭാഗത്തിന് കൈമാറുന്ന കാര്യം പറഞ്ഞെന്നെ വീണ്ടും അതിശയിപ്പിച്ചത്.

എനിക്ക് എന്റെ പെങ്ങൾ ബ്രജീത്തയെ ഓർമ്മ വന്നു. അവൾക്ക് പ്രസവ വേദന തുടങ്ങിയ അന്ന് രാത്രി വർക്കിച്ചന്റെ അടുത്തേക്ക് ഞാനും പോയിരുന്നു.

‘രാത്രി വണ്ടിയെടുക്കാൻ ബുദ്ധിമുട്ടാണ്. പിന്നെ ബോധിച്ച ഡ്രൈവറെ കൊണ്ടു വരികയാണെങ്കിൽ...’

തനിക്ക് ബോധിച്ച ഡ്രൈവർ അന്നാട്ടിലെ ഒരുമില്ലെന്ന് വർക്കിച്ചനറിയാമായിരുന്നു.

വല്ലപ്പോഴും വരുന്ന രാത്രി വണ്ടിക്കാരെ ഞങ്ങൾ കാത്തിരുന്നു. വിരുന്നുകാരനെപ്പോലെ വന്ന ഒരു

ഓട്ടോറിക്ഷയിൽ വൈകി ആശുപത്രിയിലെത്തിച്ചപ്പോഴേക്കും ബ്രജീത്തയുടെ ഉള്ളിൽ കണ്ണു തുറക്കാൻ തുടങ്ങിയ കുട്ടി എന്നെന്നേക്കുമായി കണ്ണടച്ചിരുന്നു.

പകുതി ദേഷ്യത്തോടും പകുതി സഹതാപത്തോടുമായി ഒരു കഷണ്ടിക്കാരൻ ഡോക്ടർ ഇത്തിരി നേരത്തെ വന്നിരുന്നെങ്കിൽ എന്ന് ചോദിച്ചതു മാത്രം ഇപ്പോഴും ഓർമ്മയിലുണ്ട്.

ഞാൻ മെല്ലെ മുറ്റത്തേക്കിറങ്ങി. വർക്കിച്ചന്റെ കൂട്ടിലെ പട്ടികളും 'പട്ടിയുണ്ട് സൂക്ഷിക്കുക' എന്ന ബോർഡും എന്നെ ഭീക്ഷണമായി നോക്കി.

എന്റെ പിറകിൽ വർക്കിച്ചന്റെ വീട് മുമ്പേ പറഞ്ഞതുപോലെ വിശാലമായ ഒരു തുറസ്സായി മാറുന്നത് ഞാൻ കണ്ടു. അവിടെ കിളികൾ പാറിക്കളിക്കുന്നു. കുട്ടികൾ ധൈര്യത്തോടെ ചുറ്റിയടിക്കുന്നു. എല്ലാം കണ്ട് മനുഷ്യനായി മാറിയ വർക്കിച്ചൻ പൂമുഖത്ത് ഒരു കസാലയിലിരിക്കുന്നു. എന്റെ അപ്പന്റെയും അമ്മയുടേയും ആത്മാവ് കുഴിമാടത്തിൽ നിന്നും പുറത്തിറങ്ങി വന്ന് ആയ കാലത്ത് ദണ്ഡിപ്പിച്ചതിന് വർക്കിച്ചനോട് പൊറുത്തു കൊടുക്കുന്നു. അവരുടെ കൂടെ ബ്രജീത്തയുടെ പിറക്കാതെ പോയ കുഞ്ഞുണ്ട്. ആദ്യമായി ലോകം കാണുന്നതിലെ അമ്പരപ്പാണതിന്റെ മുഖത്ത്. ഇനിയെനിക്കെവിടെ സ്ഥാനമെന്ന് അയാളുടെ അലമാരയിലിരിക്കുന്ന ഇരട്ടക്കുഴൽ തോക്ക് വേവലാതിപ്പെടുന്നു. ഇതെല്ലാം കണ്ടുകൊണ്ട് അയാളുടെ ഭാര്യ വെറോനിക്കയും കുടുംബവും ചുറ്റും നിൽക്കുന്നു.

ഞാൻ നടപ്പിന് വേഗം കൂട്ടി. ഒന്നുകൂടി തിരിഞ്ഞു നോക്കി. അസ്തമയ സൂര്യന്റെ ചുവപ്പു വെട്ടത്തിൽ എല്ലാം പഴയ പടി നിൽപ്പുണ്ട്. വർക്കിച്ചനീ പറഞ്ഞതെല്ലാം നുണയായിരിക്കണം. അല്ലാതെ ഇത്രയും കൊള്ളരുതാത്തതായ ഒരാൾക്ക് ഒറ്റയടിക്ക് ഇങ്ങനെ മാറാനൊക്കുമോ?

ഞാൻ തിരിച്ചു നടക്കവെ മുൻപേ കയറിപ്പോയ കാറ്റ് തൊടിയിൽ നിന്നും തിരിച്ചിറങ്ങിപ്പോകുന്നത് ഞാൻ കണ്ടു. അന്ന് രാത്രിയാണ് വർക്കിച്ചൻ മരിച്ചത്. മദ്യത്തിൽ വിഷം കലർത്തി ആത്മഹത്യ ചെയ്യുകയായിരുന്നു.

●

**കവിത ⏭** **മടവൂർ സുരേന്ദ്രൻ**



# പ്രവാസികൾ

**ചു**ട്ടുപഴുത്ത മണൽപോൽ നൊമ്പരം
ഹൃദയത്തിലേറ്റുവാങ്ങുന്നെൻ പ്രവാസികൾ.
ജീവിതദുരിതങ്ങൾ താണ്ടുവാൻ ജന്മമായ്
മരുഭൂമൃഗംപോലലയും പ്രവാസികൾ.
പൂഞ്ഞയിൽ വെള്ളം കരുതിവയ്ക്കും പോലെ
സ്വപ്നങ്ങൾ നെയ്തു കൂട്ടുന്നോർ പ്രവാസികൾ.
അനുഭവ പാഠങ്ങളെത്ര പഠിക്കിലും
നല്ലകാലത്തിൻ പ്രതീക്ഷാ തുഴച്ചിലിൽ
അമരത്തൊന്നെത്താൻ കഴിഞ്ഞാൽ ഭാഗ്യമായ്
അണിയത്തുവീണാൽ ഹതഭാഗ്യരായ്
എത്രയോ കനവിന്റെ സൗധങ്ങൾ കെട്ടിയോർ
പൊട്ടിത്തകർന്നു താഴേക്കു വീണുപോയ്
കഷ്ടകാലത്തിന്റെ ജാതകം നോക്കുമ്പോൾ
നഷ്ടങ്ങൾ ബാക്കിയായ് ജീവിതം പണിയുവോർ
രാഷ്ട്രസമ്പത്തിനും നാടിന്റെ നന്മയ്ക്കും
ക്ഷേമൈശ്വര്യങ്ങൾപുലർത്താൻ ശ്രമിപ്പവർ
ആയുസ്സു മുഴുവൻ കഷ്ടപ്പെടുന്നിവരെ-
യാരുണ്ടു നോക്കാൻ നീതിപീഠമേ ചൊല്ലുക.
ജാതിമതങ്ങളില്ലാതെ സ്നേഹിക്കുവാൻ
കൂറുള്ളതാരുണ്ടിവിടെയീ മക്കളെ.
സൈകതഭൂമിയിൽ വിജനാന്തരങ്ങളിൽ
ഒട്ടകയാത്രപോലലഞ്ഞും തളർന്നും
കുടുംബം പുലർത്തുവാനാശകൾ കൊയ്യുവാൻ
കൂടുകൾ കൂട്ടിടും സ്നേഹിതരേ നിങ്ങൾ
രോഗബാധിതരായ് ദുരിതക്കയങ്ങളിൽ
വീണടിയുമ്പോളാരഭയം നൽകുവാൻ?
ഉള്ളിലൊരുപിടി മണ്ണിന്റെ സ്നേഹവും
ദേശാഭിമാനവും സിരകളിലൊഴുകവേ.
നാടും വീടും കാണാനാവേശത്തിരകളിൽ
താണുമുയർന്നും ചരിക്കുന്നു മാനസം.
വിരഹദുഃഖത്തിൻ കാഞ്ഞിരമരച്ചോട്ടിൽ
ഇളവേറ്റു നേരം കളയാതിരിക്കുവിൻ.
പ്രവാസികൾക്കിവിടെയാരുണ്ടു ശബ്ദിക്കുവാൻ
ജനാധിപത്യമേ പറയൂ മറുപടി.
അധികാരവർഗ്ഗവും കണ്ണടയ്ക്കുന്നുവോ?
കണ്ണീരു കാണാതെ മുഖം തിരിക്കുന്നുവോ....?

